ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇല്ല. അതു പൂവ്വപാകിസ്ഥാൻഗവണ്മെണ്ടിനു വിറ്റു.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: പാട്ടിഷനു ശേഷമാണോ അതു വിറ്റതു?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതെ.

ശ്രീ. ഇട്ടീര അമ്മുക്കൻ: എന്തുവിലയ്ക്കാണു് അതു വിറ്റതു?

Sri. E. John Philipose: It was sold for 20,000 rupees.

ശ്രീ. ഇട്ടീര അമ്മുക്കൻ: എന്തുവിലയ്ക്കാണു അതു വാങ്ങിയതു?

Sri. E. John Philipose: The purchase price was Rs. 31,000 from the De Havilland Air Craft Company, Karachi.

Sri. D. Gnanasigamoni: Was it sold because there was no possibility of using it here?

Sri. E. John Philipose: Because of various reasons. Firstly, the Pakistan Government would not release the aircraft and then the housing and other charges accumulated nearly to Rupees 8,000 and the aircraft became a complete liability. So, Government sold it to the Pakistan Government for the amount mentioned.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ വിമാനം അവിടെ കൊണ്ടുപോയതു ആരാണു?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അവിടെ കൊണ്ടുപോയതല്ല. It was purchased from the aircraft company mentioned above.

ശ്രീ. ദേവകീഗോപിദാസ്: ഇതിന്റെ ബാലൻസിൽനിന്നും ഗവണ്മെണ്ടിനു എന്തു മുതൽകിട്ടിയിട്ടുണ്ടു?

Sri. E. John Philipose: I said that the purchase price was Rupees 31,000 and it was sold for Rs. 20,000 and there was an expenditure involved to the extent of Rs. 8,000.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇതുകൂടാതെ ഏതെങ്കിലും വിമാനം ഈ ഗവണ്മെണ്ടിനുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോഴില്ല.

പൊതുമരാമത്തുപണികൾ

*൯൯൫. (൯൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൪-ൽ ഏതെല്ലാം പൊതുമരാമത്തുപണികൾ എവിടെയെല്ലാം പുതുതായി ആരംഭിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) ൧൯൫൪-ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയിൽ എത്രയുക ഈ ബഡ്ജറ്റവർഷം ചെലവാക്കുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ൧൯൫൪-ൽ തിരുവിതാംകൂർ ബഡ്ജറ്റിൽ ൧൯൫൪-൫൫ ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ടു്. കൊച്ചി ബഡ്ജറ്റിൽ ൧൯൫൪-൫൫ ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ടു്. അതിൽ ചെറിയ ലക്ഷം ചിലവായിട്ടുണ്ടു്. അതുസംബന്ധിച്ചിട്ടുള്ള മുഴുവൻ കണക്കുകളും വന്നുചേർന്നിട്ടില്ല.

ഇറിഗേഷൻ പദ്ധതി

*൯൯൬. (൯൫) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷികാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൪-ൽ തിരുവിതാംകൂർ–കൊച്ചിസംസ്ഥാനത്തു് എതു സ്ഥലത്തു പുതുതായി ഇറിഗേഷൻപദ്ധതി നടപ്പാക്കിയിട്ടുണ്ടു്;

(ബി) അതിലേക്കു് എത്ര ചെലവായിട്ടുണ്ടെന്നു പറയുമോ?

(സി) അപ്രകാരം ഇറിഗേഷൻപദ്ധതി ഏർപ്പെടുത്തിയതുനിമിത്തം എത്രമാത്രം നെല്ലു കൂടുതൽ വിളവുണ്ടായി എന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) വടക്കൻ തിരുവിതാംകൂറിൽ പറവൂർ–കന്നുള്ളനാടു് ഈ താലൂക്കുകളിൽ

൧. കുന്നമല്ലൂർ സ്കീം,

LIBRARY ARCHIVES Kerala Legislative Assembly

ഫ. മുവാറ്റുപുഴവാലിസ്കീം,
ഗ. ചേരാനെല്ലൂർ സ്കീം,
ഭ. വാഴപ്പള്ളി സ്കീം,

എന്നീ നാല് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് നിരവധി കുളങ്ങൾ നന്നാക്കുന്ന ജോലികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി ൧,൭൫,൫൦൦ രൂപ ചെലവായിട്ടുണ്ട്.

(സി) പദ്ധതികളെല്ലാം പൂർത്തിയാകാത്തതുകൊണ്ട് കൂടുതലുണ്ടായ വിളവിന്റെ ശരിയായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: പൂർത്തിയാക്കിയ പദ്ധതികളിൽനിന്നും എത്രമാത്രം വിളവ് കിട്ടിയിട്ടുണ്ട്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: വിളവിനെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാൻ സാധിച്ചിട്ടില്ല. It may not be always possible to assess, because, as Hon'ble Members of the House would very well realise the crop would vary in relation to the condition of the weather.

മൈനർ ഇറിഗേഷൻ പദ്ധതി

*൯൯൩. (൩൭) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷികാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൪-ൽ എത്ര സ്ഥലത്തു കൂടുതലായി മൈനർ ഇറിഗേഷൻ പദ്ധതി ഏർപ്പെടുത്തണമെന്നു ഗവൺമെന്റു വിചാരിക്കുന്നുവെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉദ്ദേശം ൨,൫൦൦ സ്ഥലങ്ങളിലായി കുളങ്ങൾ, ചാലുകൾ, തോട്ടുകൾ മുതലായവ നന്നാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനുള്ള മൈനർ ഇറിഗേഷൻ പദ്ധതികൾ ഏർപ്പെടുത്തണമെന്നാണ് ഗവൺമെന്റു വിചാരിക്കുന്നത്.

ശ്രീമതി ദേവകിഗോപിദാസ്: മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് റെക്കമെൻഡു ചെയ്യേണ്ടതു് ആരാണ്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: മൈനർ ഇറിഗേഷൻ പദ്ധതികൾ ഇവിടത്തെ ഫുഡ് പ്രൊഡക്ഷൻ ബോർഡ് റെക്കമെൻഡുചെയ്താണ് ഗവൺമെന്റിലേക്ക് അയച്ചുതരിക്കുന്നത്.

ഒരു പത്രപ്രസ്താവന

***994.** [38] **Sri. C. V. Iyyu:** Will the Hon'ble Minister for Communications be pleased to state.—

whether he has noted the article reproduced hereunder in Col. 3 on page 4 of the Express (Trichur) dated 25th February 1950?

എക്സ്പ്രസ്സ്
'ചിറ്റാലിന്നാറമില്ല'

തൃശ്ശൂർ, കുംഭം ൧൩.

ഒരു പ്രധാന പൗരൻ എഴുതുന്നു.—

ഇപ്പോഴത്തെ തീവണ്ടിസമയം നമ്മുടെ വിലപിടിച്ച സമയം വളരെയധികം നശിപ്പിച്ചുകളയുന്നുണ്ട്. കൊച്ചിശ്ശീമയിൽനിന്നു കോഴിക്കോട്ടേയ്ക്കോ, പാലക്കാട്ടേയ്ക്കോ പോകേണ്ടതായ ഒരാൾ ഷൊർണ്ണൂരിൽ ചെന്നാൽ സാധാരണയായി ഒന്നരരണ്ടു മണിക്കൂർ അവിടെകിടന്നു നട്ടംതിരിയണം. അതുപോലെതന്നെ ഇങ്ങോട്ടു പോരുമ്പോഴും. മിക്ക വണ്ടികൾക്കും ഉടനടി കണക്ഷൻ ഇല്ല. മദ്രാസിൽനിന്നുള്ള വണ്ടികൾക്ക മാത്രമായിരുന്ന ഇതെങ്കിൽ കുറെയൊക്കെ സാധൂകരിക്കാമായിരുന്നു. എന്നാൽ സ്ഥിതി അതല്ല. കോഴിക്കോട്ടുനിന്നു ഷൊർണ്ണൂരിൽ വന്നെത്തുന്ന ഓരോ വണ്ടിക്കും പാകത്തിനു ഉടനടി ഹാർബറിലേക്കു പുറപ്പെടത്തക്കവണ്ണം, ഷൊർണ്ണൂർ ഹാർബർ ടെർമിനസ് സെക്ഷനിലെ സമയവിവരം ഭേദപ്പെടുത്തുന്നതിനു എന്താണ് തടസ്സം? ഇതിനുമുമ്പ് പല നിവേദനങ്ങളും ഈ വിഷയം

LIBRARY ARCHIVES Kerala Legislative Assembly